**"ഭരണഭാഷ - മാതൃഭാഷ"**

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/34194/2024-GEA3 തീയതി: 16-12-2024

## നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം - മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്ക് ശ്രീമത റംല-യെ ക്ലർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:
1. എറണാകുളം ജില്ലാജോയിൻറ് ഡയറക്ടറുടെ 17.07.2024-ലെ LSGD/JD/EKM/11095/2023-D10നമ്പർ കത്ത്.
2. ശ്രീമതി റംല-യുടെ 22.06.2024-ലെ അപേക്ഷ
3. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.1999 ലെ ഇ4-6959/99 നമ്പർ ഉത്തരവ്

ഭിന്നശേഷിക്കാരായ താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയതിൻറെ ഭാഗമായി സൂചന (3) ഉത്തരവ് പ്രകാരം പഞ്ചായത്ത് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുകയും അതേ തസ്തികയിൽ തുടരുകയും ചെയ്യുന്ന ശ്രീമതി റംല-യുടെ (നിലവിൽ എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമ പഞ്ചായത്തിലെ ക്ലർക്ക്) പേര് അക്കാലയളവിലെ പഞ്ചായത്ത് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്ത് വകുപ്പിൽ 01.06.1997 മുതൽ 31.12.1999 വരെയുള്ള കാലയളവിൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ സംസ്ഥാന തല സീനിയോരിറ്റി പട്ടികയിൽ ശ്രീമതി റംല ഉൾപ്പെടേണ്ടതായിരുന്നു. ഈ സാഹചര്യത്തിൽ ശ്രീമതി.റംലയെ ടിയാളുടെ നിയമന ഉത്തരവ് തീയതിയായ **03.08.1999** അടിസ്ഥാനമാക്കി മുൻ പഞ്ചായത്ത് വകുപ്പിലെ 01.06.1997 മുതൽ 31.12.1999 വരെയുള്ള ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ സംസ്ഥാനതല സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 1477 ശ്രീമതി.വി.സുകുമാരിയ്ക്കും ക്രമ നമ്പർ 1478 ശ്രീ.എൻ.എസ്. സാജനും മധ്യേ **ക്രമ നം. 1477 A** ആയി ഉൾപ്പെടുത്തുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത തീരുമാനത്തിൽ ആക്ഷേപം ഉള്ള ജീവനക്കാർ ഈ നോട്ടീസ് തീയതി മുതൽ 10 ദിവസത്തിനകം തങ്ങളുടെ ആക്ഷേപം അനുബന്ധ രേഖകൾ സഹിതം ഉചിത മാർഗ്ഗേണ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

Suresh Kumar S
SENIOR ADMINISTRATIVE OFFICER
പ്രിൻസിപ്പൽ ഡയറക്ടർക്ക് വേണ്ടി,

പകർപ്പ്:
1. എല്ലാ ജില്ലാ ജോയിൻറ് ഡയറക്ടർമാർക്കും
2. ശ്രീമതി.റുംല(ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
3. IE സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

4. സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ/അധികം

Signed by
Suresh Kumar S
Date: 16-12-2024 12:50:07